Website : www.keralapsc.gov.in

Email: dokzd.psc@kerala.gov.in
Telephone: 04994-230102

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ് കാസറഗോഡ്**

നമ്പർ: കെ.ജി.ഡി.VI-1/1/2022 KPSC DO KGD

കാസറഗോഡ്,
22/03/2023.

<u>കൂട്ടിച്ചേർക്കൽ വിജ്ഞാപനം</u>

വിഷയം : - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ്, കാസറഗോഡ്- വനം - വന്യ ജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (ഉപജീവനത്തിനുവേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) (കാറ്റഗറി നമ്പർ 092/2022) പാർട്ട് 1 തസ്തിക - കൂട്ടിച്ചേർക്കൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 19.11.2022 തീയതിയിൽ പ്രസിദ്ധീകരിച്ച 25/2022/DOB നമ്പർ ചുരുക്കപ്പട്ടിക

. . . . .

കാസറഗോഡ് ജില്ലയിൽ വനം - വന്യ ജീവി വകുപ്പിൽ **ബീറ്റ് ഫോറസ്റ്റ് ഓഫീസർ** (ഉപജീവനത്തിനുവേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) പാർട്ട് - I (60% ഒഴിവിലേക്ക് പൊതു വിഭാഗത്തിൽ നിന്നുള്ള നിയമനം) (കാറ്റഗറി നമ്പർ 092/2022) തസ്തികയുടെ തെരഞ്ഞെടുപ്പിലേക്ക് 28.01.2023 ന നടന്ന ഒ.എം.ആർ സപ്ലിമെന്ററി പരീക്ഷയുടെ അടിസ്ഥാനത്തിൽ, സൂചന പ്രകാരം പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ താഴെ പറയുന്ന രജിസ്റ്റർ നമ്പറുകൾ സോപാധികമായി കൂട്ടിച്ചേർത്ത് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**<u>പുരുഷൻമാർ</u>**

120153 120224 120303 120846 120883

**<u>സ്ത്രീകൾ</u>**

118897 119062 119265

19.11.2022 തീയതിയിലെ 25/2022/DOB നമ്പർ ചുരുക്കപ്പട്ടിക മേൽ പറഞ്ഞ രീതിയിൽ ഭേദഗതി വരുത്തിയിരിക്കുന്നു.

കുറിപ്പ് (1) : അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടു എന്നതുകൊണ്ട്മാത്രം റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതിന് ഉദ്യോഗാർത്ഥികൾക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

കുറിപ്പ് (2) : അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാന മാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷയിൽ അവകാശപ്പെടാത്ത അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

കുറിപ്പ് (3) : അപേക്ഷാസമയത്ത് മുൻഗണന അവകാശപ്പെടുകയും ആവശ്യമായ രേഖകൾ അപ് ലോഡുചെയ്യുകയും ചെയ്ത അവിവാഹിതരായ അമ്മമാർ, അവരുടെ മക്കൾ, വിധവകളായ അമ്മമാരുടെ മക്കൾ, അനിമൽ ഹാൻഡ് ലിംഗ് ഇൻ സൂ ആന്റ് ഫോറസ്റ്റ് കോഴ്സ് എന്നീ വിഭാഗങ്ങളിൽ പെട്ട പരീക്ഷ എഴുതിയ മുഴുവൻ പേരെയും ചുരുക്കപ്പട്ടികയിൽ സോപാധികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 28.01.2023 തീയതിയിലെ സപ്ലിമെന്ററി ഒ.എം.ആർ പരീക്ഷയിൽ **38.33** മാർക്കും അതിനുമുകളിലും ലഭിച്ച പുരുഷ ഉദ്യോഗാർത്ഥികളെ പുരുഷൻമാരുടെ ലിസ്റ്റിലും **47.33** മാർക്കും അതിനുമുകളിലും ലഭിച്ച സ്ത്രീ ഉദ്യോഗാർത്ഥികളെ സ്ത്രീകളുടെ ലിസ്റ്റിലും ചുരുക്കപ്പട്ടികയിൽ സോപാധികമായി ഉൾപ്പെടുത്തിയിരിക്കുന്നു.

കുറിപ്പ് (4) : ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികളും ശാരീരിക അളവെടുപ്പിനും കായിക ക്ഷമതാ പരീക്ഷയ്ക്കും പങ്കെടുക്കേണ്ടതാണ്. ശാരീരിക അളവെടുപ്പിനും കായിക ക്ഷമതാ പരീക്ഷയ്ക്കുമുള്ള സ്ഥലം, തീയ്യതി, സമയം എന്നിവ പ്രൊഫൈൽ സന്ദേശം വഴി അറിയിക്കുന്നതാണ്.

കുറിപ്പ് (5) : ശാരീരിക അളവെടുപ്പ്, കായിക ക്ഷമതാപരീക്ഷ എന്നിവയിൽ വിജയിക്കുന്നവർ ഒറ്റത്തവണ പ്രമാണ പരിശോധനയ്ക്കും ഇന്റർവ്യൂവിനും ഹാജരാകേണ്ടതാണ്. ഇന്റർവ്യൂവിൽ പങ്കെടുത്ത് യോഗ്യത നേടുന്നവരെ മാത്രമേ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുള്ളൂ.

കുറിപ്പ് (6) : നിലവിലുള്ള നടപടിക്രമപ്രകാരം ഉത്തരക്കടലാസ് പുനർ മൂല്യനിർണ്ണയം അനുവദിക്കുന്നതല്ല. എന്നാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം പുന: പരിശോധന നടത്താവുന്നതാണ്. വിശദമായ നിർദ്ദേശങ്ങൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് അറിയിക്കുന്നതാണ്.

കുറിപ്പ് (7) : റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണത്തിനുശേഷം നിശ്ചിത ഫീസ് ഒടുക്കുന്നവർക്ക് 28.01.2023 ന് നടന്ന ഒ.എം. ആർ. പരീക്ഷയുടെ ഉത്തരക്കടലാസിന്റെ പകർപ്പ് നൽകുന്നതാണ്.

കുറിപ്പ് (8) : 16.03.2023 ഇ.ആർ VII(1)3690/2022/ഇ.ഡബ്ല്യു. നമ്പർ വിജ്ഞാപനപ്രകാരം 28.01.2023 തീയതിയിൽ നടന്ന പരീക്ഷയിൽ ഒരു ഉദ്യോഗാർത്ഥിയുടെയും ഉത്തരക്കടലാസ് അസാധുവാക്കപ്പെട്ടിട്ടില്ല.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
കാസർഗോഡ് ജില്ലാ ഓഫീസ്.

ഉല്ലാസൻ പി.
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, കാസറഗോഡ്.

വിതരണാനുമതി നല്കുന്നു.

സെക്ഷൻ ഓഫീസർ